# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 369 - 08.08.2017 ലെ മറുപടിക്ക്

## കെ.എസ്.ഇ.ബി ക്ക് നല്കുന്ന സാമ്പത്തിക സഹായങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ഡോ.എൻ.ജയരാജ് | ശ്രീ.റ്റി.എം.തോമസ് ഐസക്ക്, ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ. | കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കെ.എസ്.ഇ.ബി ക്കു നല്കുന്ന സാമ്പത്തിക സഹായങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ; | 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ 65,25,00,000/- രൂപയും പദ്ധതിയേതര വിഹിതമായി 53,40,03,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ കേന്ദ്ര പദ്ധതികളുടെ സംസ്ഥാന വിഹിതമായി 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ആർ.ജി.ജി.വി.വൈ, ആർ.എ.പി.ഡി.ആർ.പി, ഡി.ഡി.യു.ജി.ജെ.വൈ, ഐ.പി, ഡി.എസ് എന്നീ പദ്ധതികൾക്കായി നല്കി വരുന്നു. |
| ബി. | പ്രസ്തുത ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | 2011-12 - 54.60 കോടി<br>2012-13 - 127.40 കോടി<br>2013-14 - 210.26 കോടി<br>2014-15 - 96.6 കോടി<br>2015-16 - 43.4 കോടി<br>2016-17 - 28.98 കോടി |
| സി. | കെ.എസ്.ഇ.ബി ജീവനക്കാരുടെ ശമ്പള | കെ.എസ്.ഇ.ബി ജീവനക്കാരുടെ ശമ്പള |

| | | |
|---|---|---|
| | പരിഷ്കരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് എന്തെങ്കിലും പഠനമോ വിശകലനമോ നടത്തിയിട്ടുണ്ടോ; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | പരിഷ്കരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പ്രത്യേകിച്ച് പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |
| ഡി. | സംസ്ഥാന ജീവനക്കാരുടെയും കെ.എസ്.ഇ.ബി ജീവനക്കാരുടെയും ശമ്പള പരിഷ്കരണം ഒരുമിച്ച് നടത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ; എന്നുമുതലാണ് വേർപെടുത്തിയുള്ള ശമ്പള പരിഷ്കരണം ആരംഭിച്ചത് ; | സംസ്ഥാന ജീവനക്കാരുടെയും കെ.എസ്.ഇ.ബി ജീവനക്കാരുടെയും ശമ്പള പരിഷ്കരണം ഒരുമിച്ച് നടത്തിയിട്ടില്ല. 1978 നവംബർ 25 -നാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ആദ്യമായി അംഗീകൃത ട്രേഡ് യൂണിയനുകൾ സമർപ്പിച്ച ചാർട്ടർ ഓഫ് ഡിമാന്റിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ദീർഘകാല സേവന വേതന കരാർ നിലവിൽ വരുന്നത്. അന്നു മുതൽക്ക് ഇൻഡസ്ട്രീയൽ ഡിസ്പ്യൂട്ട് ആക്ട് 1947 സെക്ഷൻ 2 (പി) അനുസരിച്ച് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ധാരണയിലെത്തി അഞ്ചു വർഷക്കാലയളവിലേക്കുള്ള ദീർഘകാല സേവന വേതനക്കരാറനുസരിച്ചാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്. |
| ഇ. | സംസ്ഥാന ജീവനക്കാരുടെയും കെ.എസ്.ബി ജീവനക്കാരുടേയും ശമ്പള പരിഷ്കരണം ഒരുമിച്ച് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ